**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 169** **16-03-2022 - ൽ മറുപടിയ്ക്ക്**

**മുട്ടിൽ മരം മുറി കേസ് അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. സജീവ് ജോസഫ്** | | **null<br>(മുഖ്യമന്ത്രി)** | |
| (എ) | മുട്ടിൽ മരം മുറി കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | വയനാട് വൈത്തിരി താലൂക്കിൽ മുട്ടിൽ എന്ന സ്ഥലത്ത് സർക്കാർ വക ഈട്ടി മരങ്ങൾ അനധികൃതമായി മുറിച്ച് കടത്തിയതിനെതിരെ മീനങ്ങാടി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 281/2021 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് നിലവിൽ അന്വേഷണാവസ്ഥയിലാണ്. അതോടൊപ്പം വനം വകുപ്പ് എടുത്ത 53 OR കേസുകളും അന്വേഷണത്തിലാണ്. |
| (ബി) | മുട്ടിൽ മരം മുറി കേസുമായി ബന്ധപ്പെട്ട് പ്രത്യേക അന്വേഷണ സംഘം സമർപ്പിച്ച റിപ്പോർട്ടിൽ ആരോപണ വിധേയരുടെ ഇടപെടലിനെക്കുറിച്ച് വ്യക്തത ഇല്ലെന്ന് കാണിച്ച് ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി. റിപ്പോർട്ട് മടക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. മുട്ടിൽ മരം മുറി കേസിന്റെ അന്വേഷണ മധ്യേ ടി കേസിന്റെ പ്രത്യേക അന്വേഷണ സംഘം ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി.ക്ക് ഇടക്കാല വസ്തുതാറിപ്പോർട്ടാണ് നൽകിയിരുന്നത്. അതിൽ വനംവകുപ്പ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച വന്നിട്ടുണ്ടോ എന്ന് കൂടുതൽ പരിശോധന നടത്തുന്നതിനാണ് റിപ്പോർട്ട് മടക്കിയിരിക്കുന്നത്. |
| (സി) | പ്രസ്തുത റിപ്പോർട്ടിൽ മരം മുറിയിൽ വനം ഉദ്യോഗസ്ഥരുടെ ഇടപെടലിനെ കുറിച്ച് കൃത്യമായി പറയുന്നില്ലെന്നും ഇക്കാര്യം വിശദമായി പരിശോധിക്കണമെന്നും ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി. നിർദേശം നൽകിയിട്ടുണ്ടോ; | (സി) | (ബി) യിൽ ചേർത്തിരിക്കുന്നു. |
| (ഡി) | പ്രസ്തുത കേസിന്റെ അന്വേഷണം അട്ടിമറിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണിതെന്ന് ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | അത്തരമൊരു ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രത്യേക അന്വേഷണ സംഘം കേസിന്റെ എല്ലാ വസ്തുതകളും പരിശോധിച്ച് നിജസ്ഥിതി കണ്ടെത്തി കുറ്റവാളികൾക്ക് കർശന ശിക്ഷ ലഭ്യമാക്കുന്നതിനായുള്ള ഊർജ്ജിത അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ